# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4274 16.12.2014-ലെ മറുപടിക്ക്

## പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഹംസ | കുമാരി.പികെ.ജയലക്ഷ്മി<br>ബഹു.പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും ,കാഴ്ചബംഗ്ളാവുകളും, മൃഗശാലകളും വകുപ്പ് മന്ത്രി |
| (എ) പട്ടികവർഗ്ഗക്കാർക്കെതിരെ അതിക്രമം നടത്തിയതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ സംസ്ഥാന തല വിജിലൻസ് ആൻറ് മോണിറ്ററിംഗ് കമ്മിറ്റിക്ക് ലഭിച്ചിട്ടുണ്ട്; അതിന്മേൽ എത്ര പരാതികൾക്കാണ് വിശദമായ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുള്ളത്; വിശദാംശം ജില്ലാടിസ്ഥാനത്തിൽ നൽകാമോ; | (എ) പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും (അതിക്രമം തടയൽ) ചട്ടങ്ങൾ പ്രകാരമുള്ള സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി അതിക്രമങ്ങൾക്ക് ഇരയായവർക്കുള്ള ധനസഹായം, പുനരധിവാസം, നിയമം നടപ്പിലാക്കുന്നതിന്റെ പുരോഗതി എന്നിവയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തവും വിലയിരുത്തുന്നു. പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമം സംബന്ധിച്ച വ്യക്തിഗത പരാതികൾ സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പാലക്കാട് ജില്ലയിൽ സംസ്ഥാന തല വിജിലൻസ് ആൻറ് മോണിറ്ററിംഗ് കമ്മിറ്റി എത്ര പ്രാവശ്യം യോഗം ചേർന്നു.31.10.2014 ലെ കണക്ക് പ്രകാരം വിശദാംശം ലഭ്യമാക്കാമോ; | (ബി) സംസ്ഥാനതല വിജിലൻസ് ആൻറ് മോണിറ്ററിംഗ് കമ്മിറ്റി ജില്ലകളിൽ യോഗം ചേരുന്നില്ല. പാലക്കാട് **ജില്ലാതല** വിജിലൻസ് ആൻറ് മോണിറ്ററിംഗ് കമ്മിറ്റി 2014 ൽ 3 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. |

(സി) പ്രസ്തുത സമിതിയ്ക്ക് മുമ്പാകെ വന്ന കേസുകളിൽ എത്ര എണ്ണത്തിന് വിശദമായ അന്വേഷണത്തിന് ഉത്തരവിന് നൽകി; വിശദാംശം നൽകാമോ;

(സി) പാലക്കാട് ജില്ലാതല വിജിലൻസ് ആൻറ് മോണിറ്ററിംഗ് കമ്മിറ്റി മുമ്പാകെ വന്ന 4 കേസുകളിൽ 1 കേസിൽ വിശദമായ അന്വേഷണത്തിന് ഉത്തരവ് നൽകി.മീനാക്ഷിപുരത്തെ സിന്തിൽ കൗണ്ടർ തോട്ടത്തിൽ താമസിച്ച വന്നിരുന്ന മണിമേഖല എന്ന 13 വയസ്സുള്ള പെൺകുട്ടി പീഢനത്തിന് ഇരയായി മരണമടഞ്ഞ കേസാണ് ഇത്. ഈ കുട്ടിയുടെ കുടുംബത്തിന് നഷ്ടപരിഹാരമായി 1,87,500/- രൂപ വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്.കേസ് അന്വേഷണ ഘട്ടത്തിലാണ്.

(ഡി) പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ച എന്ന് വിശദീകരിക്കാമോ?

(ഡി) പട്ടികജാതി-പട്ടിക വർഗ്ഗക്കാർ ക്കെതിരെയുള്ള അതിക്രമം തടയൽ നിയമം 1989 കർശനമായി നടപ്പാക്കാൻ പോലീസ് അധികൃതർക്ക് സംസ്ഥാന തല വിജിലൻസ് ആൻറ് മോണിറ്ററിംഗ് കമ്മിറ്റിയിൽ ബഹു.മുഖ്യമന്ത്രിയും, സതേൺ സോണൽ കൗൺസിൽ യോഗത്തിൽ ചീഫ് സെക്രട്ടറിയും നിർദ്ദേശം നൽകിയിട്ടുണ്ട്. നോഡൽ ആഫീസറുടെ ത്രൈമാസ അവലോകന യോഗത്തിൽ അതിക്രമം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ അവലോകനം നടത്തുകയും അതിക്രമം തടയുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പട്ടികജാതി-പട്ടിക വർഗ്ഗക്കാർ ക്കെതിരെയുള്ള അതിക്രമം തടയൽ

നിയമം സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. പാലക്കാട്, കാസർഗോഡ്, വയനാട് ജില്ലകളിലെ സ്പെഷ്യൽ മൊബൈൽ
സ്ക്വാഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

Rashmika

സെക്ഷൻ ആഫീസർ